കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം -ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - എയ്ഡഡ് -തസ്തിക നിർണ്ണയം - അദ്ധ്യാപകരുടെ ക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ (സാധാ)നം. 4870/ 2018/ പൊ.വി.വ തീയതി, തിരുവനന്തപുരം 22/ 11/ 2018

---

പരാമർശം 1. 29.11.2002 ലെ സ.ഉ(കൈ) 398/ 2002/ പൊ.വി.വ നമ്പർ ഉത്തരവ്
2. 08.06.2017 ലെ സ.ഉ(കൈ) 47/ 2017/ പൊ.വി നമ്പർ ഉത്തരവ്
3. 17.06.2017 ലെ സ.ഉ.(കൈ)നം.56/ 2017/ പൊ.വി.നമ്പർ ഉത്തരവ്
4.01.06.2018 ലെ 1762236/ റ്റി1/ 2017 /പൊ.വി.വ നമ്പർ സർക്കുലർ

**ഉത്തരവ്**

പരാമർശം 1 പ്രകാരം ഒരു വിഷയത്തിന് ആഴ്ചയിൽ 15 പീരീഡിൽ കുറവ് ജോലിഭാരം ഉള്ള ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി (ജൂനിയർ ) അദ്ധ്യാപകരായും,15 മുതൽ 25 വരെ പീരീഡുകൾ ജോലിഭാരം ഉള്ളവർ ഹയർ സെക്കണ്ടറി അദ്ധ്യാപകരായും കണക്കാക്കുന്നു. ഒരു വിഷയത്തിൽ25 പീരീഡുകൾ കഴിഞ്ഞ് അധികം വരുന്ന മൂന്ന് പീരീഡുകൾക്ക് പ്രസ്തുത വിഷയത്തിൽ ഒരു ജൂനിയർ അദ്ധ്യാപക തസ്തികയും പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ കേവലം മൂന്നു പീരീഡുകൾക്കു മാത്രമായി ഒരു ജൂനിയർ തസ്തിക സൃഷ്ടിക്കുന്നത് യുക്തിസഹമല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ നിലവിലെ മൂന്നു പീരീഡുകൾക്ക് പകരം ഏഴോ അതിലധികമോ പീരീഡുകൾ ഉണ്ടെങ്കിൽ മാത്രം ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം 2,3 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) എന്നാൽ പരാമർശം -1 ഉത്തരവ് പ്രകാരം നിയമനം നടത്തുകയും നിയമനാംഗീകാരം സംബന്ധിച്ച നടപടിക്രമങ്ങൾ ഹയർ സെക്കണ്ടറി വകുപ്പിൽ സ്വീകരിച്ചു തുടങ്ങുകയും ചെയ്യുമ്പോഴേക്കും പരാമർശം 2,3 പ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ അത്തരം കേസുകൾ എപ്രകാരം തീർപ്പാക്കണമെന്ന ഹയർ സെക്കണ്ടറി ഡയറക്ടറുടെ ആവശ്യപ്രകാരം ആയതിന് സ്പഷ്ടീകരണം നൽകി പരാമർശം 4 പ്രകാരം സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ പരാമർശം 2 സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിനു മുൻപ് നടത്തിയിട്ടുള്ളതും പരാമർശം 1

സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുന്നതുമായ നിയമനങ്ങൾ നടത്തുന്നതിന് നിയമിക്കപ്പെട്ട അദ്ധ്യാപകരെ പ്രസ്തുത വിദ്യാഭ്യാസ ഏജൻസിയുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 12,7 A (ii) (e) എന്നീ ചട്ടങ്ങളിലെ നിർവ്വചന പ്രകാരം ഉണ്ടാകുന്ന ഒഴിവുകളിൽ 08.06.2017 ലെ പരാമർശം 2 പ്രകാരവും ഉണ്ടാകുന്ന തസ്തികകളിൽ / ഒഴിവുകളിലും നിയമിക്കപ്പെടണം എന്ന നിബന്ധനയോടെ അംഗീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു.

3) പരാമർശം 2,3 ഉത്തരവുകൾ ഇറങ്ങിയതിനു ശേഷം നടത്തുന്ന നിയമനങ്ങൾ പ്രസ്തുത മാനദണ്ഡ പ്രകാരം മാത്രമേ നടത്താവൂ എന്നത് മേൽ സർക്കാരിൽ നിന്നും വ്യക്തമാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരം ഒരു വിഷയത്തിൽ കുറഞ്ഞത് 25 പീരിഡ് കഴിഞ്ഞ് അധികമായി 7 പീരിഡുകൾ ഉണ്ടെങ്കിൽ മാത്രമേ ഒരു ജൂനിയർ തസ്തിക സൃഷ്ടിക്കുവാൻ കഴിയൂ. 28 പീരിഡുകളുള്ള വിഷയങ്ങളിൽ ഒരു സീനിയർ തസ്തികയും ജൂനിയർ തസ്തികയും പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിക്കുമായിരുന്നു. പരാമർശം 2,3 ഉത്തരവുകൾക്ക് ശേഷം ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഒരു വിഷയത്തിന് 25 പീരിഡുകൾ കഴിഞ്ഞ് 7 പീരിഡുകൾ അധികമായി വന്നാൽ മാത്രം ഒരു ജൂനിയർ തസ്തിക സീനിയർ തസ്തികയ്ക്ക് ശേഷം അനുവദിക്കാൻ പാടുള്ളൂ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക നിർണ്ണയം എല്ലാ വർഷവും നടത്തപ്പെടേണ്ടതുമാണ്. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജൂനിയർ അദ്ധ്യാപകർക്ക് അവർ വിരമിക്കുന്നതു വരെയോ, അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പുതുതായി ഒരു ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തിക ഉണ്ടാകുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ മാത്രമേ പ്രസ്തുത തസ്തികയിൽ തുടരാൻ അർഹതയുള്ളൂ.

4) തസ്തിക നിർണ്ണയ ഉത്തരവുകളിൽ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്റ്റാഫ് ഫിക്സേഷൻ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട എല്ലാ തസ്തികകളും, ഓരോ വർഷവും അതേപോലെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുക വഴിയോ തസ്തിക നിർണ്ണയം ഓരോ വർഷവും കൃത്യമായി നടത്താതെയോ തുടർന്നു വന്നാൽ പരാമർശം 2,3 സർക്കാർ ഉത്തരവുകൾക്ക് പ്രസക്തിയില്ലാതാവുകയും പ്രസ്തുത തസ്തികകളിലേക്ക് മാനേജർമാർ, പുതിയ നിയമനം നടത്തുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നതിനും അത് സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതിനും ഇടയാകും. എയ്ഡഡ് സ്കൂളുകളിൽ പുതുതായി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പരാമർശം 2,3 പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകളിൽ പരാമർശം-1 പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിൽ തുടർന്നു വരുന്ന അദ്ധ്യാപകരെ അതേ വിഷയങ്ങളിൽ അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാറ്റി നിയമിക്കാതെ മാനേജർമാർ പുതിയ നിയമനം നടത്തുന്നതായും ഇതിന് ഹയർ സെക്കണ്ടറി വകുപ്പ്

മേഖലാ ഉപമേധാവികളുടെ ഓഫീസുകളിൽ നിന്നും അംഗീകാരം നൽകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില ഹയർ സെക്കണ്ടറി റീജിയണൽ ഓഫീസർമാരുടെ കൃത്യവിലോപം കാരണം ആഴ്ചയിൽ ആകെ ആറോ അതിൽ താഴെയോ പീരിഡുകൾക്ക് മാത്രമായി അദ്ധ്യാപകർ തുടരുകയും, അവർ വിരമിക്കുന്ന ഒഴിവിൽ വീണ്ടും നിയമനം നടത്തുകയും ചെയ്യുന്ന സ്ഥിതി ഇപ്പോഴും തുടരുന്നു. ഒരോ ദിവസവും ഏതാനും മിനിറ്റുകൾ മാത്രം പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നില നിർത്തപ്പെടുന്നതിനും അത് സർക്കാരിന് അനാവശ്യമായി അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതിനും ഇടയാകും.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08.06.2017 ലെ പരാമർശം 2,3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 സർക്കുലറിന്റെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(a) ഹയർ സെക്കണ്ടറി സ്കൂളുകളിൽ 08.06.2017 ന ശേഷം പുറപ്പെടുവിക്കുന്ന തസ്തിക നിർണ്ണയ ഉത്തരവുകൾ എല്ലാം 8.6.2017 ലെ സ.ഉ(കൈ)നം. 47/ 2017/ പൊ.വി., 17.6.2017 ലെ സ.ഉ(കൈ )നം. 56/ 2017/ പൊ.വി. നമ്പർ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പീരീഡുകളുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

(b) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഇല്ലാതാകുന്ന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് വിരമിക്കുന്നതുവരെയോ, അതേ മാനേജ്മെന്റിന്റെ കീഴിൽ ഇതേ തസ്തികയിൽ പുതിയ തസ്തിക നിലവിൽ വരുമ്പോൾ മാറ്റി നിയമിക്കപ്പെടുന്നതു വരെയൊ ഏതാണ് ആദ്യം അതുവരെ സൂപ്പർ ന്യൂമററിയായി തുടരാവുന്നതാണ്.

(c) ഒന്നിൽ കൂടുതൽ സ്കൂളുകൾ ഉള്ള വിദ്യാഭ്യാസ ഏജൻസികളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവ് വരുമ്പോൾ പരാമർശം 1,2 പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ തുടർന്നു വരുന്ന അദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാറ്റി ഒഴിവുണ്ടായ തസ്തികയിലെ വിഷയത്തിനനുസരിച്ച് നിയമിക്കേണ്ടതാണ്. പരാമർശം 1 ഉത്തരവു പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ അദ്ധ്യാപകരെ നില നിർത്തി അതേ വിദ്യാഭ്യാസ ഏജൻസികളിലുള്ള സ്കൂളുകളിൽ ഉണ്ടാകുന്ന അതേ വിഷയത്തിലേക്കുള്ള മറ്റ് ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തുവാൻ പാടില്ല.

(d) 08.06.2017 ന ശേഷം നടത്തിയിട്ടുള്ള തസ്തിക നിർണ്ണയവും, നിയമനങ്ങളും നിയമനാംഗീകാരവും മേൽ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ആയത് പുനപരിശോധിക്കേണ്ടതും, നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നിയമനാംഗീകാരം നൽകിയിട്ടുള്ള നിയമനങ്ങൾ റദ്ദ് ചെയ്യേണ്ടതുമാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി നൽകിയ നിയമനാംഗീകാരം രണ്ട് മാസത്തിനകം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(c) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും തസ്തിക നിർണ്ണയം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ 3 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എച്ച്. നജീബ്**
**ജോയിന്റ് സെക്രട്ടറി**

**പകർപ്പ്**

ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ& ഇ ), കേരള, തിരുവനന്തപുരം
ഹയർ സെക്കന്ററി വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ. തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ
പൊതു വിദ്യാഭ്യാസ (യു) & (എസ്.സി) വകുപ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
(സർക്കാർ വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി )
കുത്തൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**